**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1964** **09-02-2023 - ൽ മറുപടിയ്ക്ക്**

**കെ-ഫോൺ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന കെ-ഫോൺ പദ്ധതിയുടെ പുരോഗതി അറിയിക്കാമോ; | (എ) | കെ-ഫോൺ പദ്ധതി പുരോഗമിക്കുന്നതിന്റെ ഭാഗമായി നിലവിൽ;<br><br>1) ആകെ 7556 കിലോമീറ്റർ ബാക്ക്ബോൺ സ്ഥാപിക്കാനുള്ളതിൽ 6546 കിലോമീറ്റർ പൂർത്തിയായിട്ടുണ്ട്.<br>2) 22802 കി.മീ. എ.ഡി.എസ്.എസ് (All-Dielectric Self Supporting Cable), ഒ.എഫ്.സി, ആക്സസ് കേബിൾ എന്നിവ സ്ഥാപിക്കാനുള്ളതിൽ 18615 കി.മീ. പൂർത്തീകരിച്ചിട്ടുണ്ട്.<br>3) 375 പോയിന്റ് ഓഫ് പ്രെസെൻസുകളിൽ 343 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്.<br>4) കെ-ഫോണിന് ഇൻഫ്രാസ്ട്രക്ചർ പ്രൊവൈഡർ (ഐ.പി. 1), ഇന്റർനെറ്റ് സർവീസ് പ്രൊവൈഡർ (ഐ.എസ്.പി.-ബി) ലൈസൻസ് എന്നിവ ലഭ്യമായിട്ടുണ്ട്.<br>5) നെറ്റ്‌വർക്ക് ഓപ്പറേറ്റിംഗ് സെന്ററിലെ ഐറ്റി / നോൺ ഐറ്റി സംബന്ധമായ പണികൾ പൂർത്തീകരിച്ചിട്ടുണ്ട്.<br>6) 26,057 ഓഫീസുകളിൽ/ സ്ഥാപനങ്ങളിൽ കെ-ഫോൺ കണക്ഷൻ നൽകുന്നതിനുള്ള അനുബന്ധ ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുണ്ട്.<br>7) 12,367 ഓഫീസുകളിൽ/ സ്ഥാപനങ്ങളിൽ ഇന്റർനെറ്റ് ലഭ്യത ഉറപ്പ് വരുത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം കല്ല്യാശ്ശേരി മണ്ഡലത്തിൽ ആദ്യഘട്ടത്തിൽ എത്ര കണക്ഷനുകൾ നൽകുന്നതിനാണ് ഉദ്ദേശിക്കുന്നത്; ഇതുവരെ എത്ര കണക്ഷനുകൾ നൽകിയിട്ടുണ്ട്; വിശദമാക്കാമോ? | (ബി) | കല്ല്യാശ്ശേരി നിയോജക മണ്ഡലത്തിൽ 126 ഓഫീസുകളിൽ/ സ്ഥാപനങ്ങളിൽ കെ-ഫോൺ സേവനം ലഭ്യമാക്കുന്നതിനാണ് പദ്ധതിയിട്ടിരിക്കുന്നത്. നിലവിൽ 48 ഓഫീസുകളിൽ/ സ്ഥാപനങ്ങളിൽ കെ-ഫോൺ കണക്ഷൻ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ, ആദ്യ ഘട്ടത്തിൽ, കല്ല്യാശ്ശേരി നിയമസഭാ മണ്ഡലത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന 100 ബി.പി.എൽ. കുടുംബങ്ങൾക്ക് സൗജന്യമായി ഇന്റർനെറ്റ് |

| | | | |
|---|---|---|---|
| | | | കണക്ഷൻ നൽകുവാൻ ഉദ്ദേശിക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും, മാനദണ്ഡങ്ങൾ പ്രകാരമുള്ള, ഗുണഭോക്താക്കളുടെ പട്ടിക ലഭിക്കുന്ന മുറയ്ക്ക് ആയത് പരിശോധിച്ചാണ് കണക്ഷൻ നൽകുന്നതിന് വേണ്ടിയുള്ള തുടർനടപടി സ്വീകരിക്കുന്നത്. |

സെക്ഷൻ ഓഫീസർ